ശാന്തസമുദ്രത്തിൻെറ കിഴക്ക ഭാഗങ്ങളിൽ ഉയർന്നുപരക്കുകയും ചെയ്യുന്നു. 1982–83–ൽ സംഭവിച്ചതു് ഇതാണ്. ആ ആണ്ടിൽ ന്യൂനസമ്മർദമേഖല പതിവുപോലെ ഇൻഡോനേഷ്യയുടെ മുകളിലല്ല; കിഴക്കോട്ടുനീങ്ങി പോളിനേഷ്യൻ ദ്വീപുകളുടെയും പെറുവിൻെറയും ഇക്വഡോറിൻെറയും മുകളിലാണു രൂപംകൊണ്ടതു്. ഫലമോ? ഇൻഡോനേഷ്യയിൽ അനാവൃഷ്ടി; പോളിനേഷ്യയിലും പെറുവിലും ഇക്വഡോറിലും അതിവൃഷ്ടിയും.

എൻസോവിൻെറ (എൽ നീനോ–ദക്ഷിണ–ആന്ദോളന–പ്രതിഭാസത്തിൻെറ) സ്വാധീനം ശാന്തസമുദ്രപ്രദേശത്തുമാത്രമായി ഒതുങ്ങി നിൽക്കുന്നില്ല. അതു് പടിഞ്ഞാട്ടു് ഇന്ത്യാസമുദ്രപ്രദേശത്തേക്കും വ്യാപിക്കുന്നുണ്ടു്. കിഴക്കെ ശാന്തസമുദ്രപ്രദേശത്തു വായുമർദം കറയുമ്പോൾ ഇന്ത്യാസമുദ്രപ്രദേശത്തു വായുമർദം വർധിക്കും; മറിച്ചും. വായുമർദത്തിലുള്ള ഈ വ്യത്യാസം ഇന്ത്യയിലെ കാലവർഷത്തെ ബാധിക്കുകയും ചെയ്യും. അമേരിക്കയിലെ ദേശീയ–അന്തരീക്ഷവിജ്ഞാന–കേന്ദ്രത്തിലെ (നാഷണൽ മീററിയറോളോജിക്കൽ സെൻറർ) ഡോക്ടർ ഫിലിപ്പ് ആർകിൻ പറയുന്നതു്; ഈ ആണ്ടിൽ (1987–ൽ) ഇന്ത്യയിൽ കാലവർഷം പിഴച്ചതിൻെറ കാരണം എൻസോവിൽവന്ന വ്യതിയാനമാണെന്നത്രേ. ഇന്ത്യൻ അന്തരീക്ഷവിജ്ഞാനികൾ ഇതിനോടു യോജിക്കുന്നു.

1986–87–ാമാണ്ടിൽ എൽ നീനോപ്രവാഹത്തിനു് ചൂടു കൂടുതലായിരിക്കുമെന്നു് അമേരിക്കയിൽ കൊളംബിയ യൂണിവേഴ്സിററിയിലെ രണ്ടു് ശാസ്ത്രജ്ഞന്മാർ ഏതാനും വർഷംമുമ്പു പ്രവചിക്കുകയുണ്ടായി. ഇതിൻെറ ഫലം ദക്ഷിണ–ആന്ദോളനം വിപരീതദിശയിലാകലും ഇന്ത്യയിൽ കാലവർഷം പിഴയ്ക്കലുമാണ്. ഈയാണ്ടിൽ (1987) മാർച്ച് മാസത്തിൽ ഉപഗ്രഹങ്ങളിൽനിന്നെടുത്ത ചിത്രങ്ങളിൽ, ഭൂമധ്യരേഖയിൽ നെടുകെ, പെറുവിൽനിന്നു് ശാന്തസമുദ്രമധ്യംവരെ, കിഴക്കുപടിഞ്ഞാറായി വലിയ ഒരു മേഘനിര കാണപ്പെട്ടു. സാധാരണ കാലങ്ങളിൽ ഈ മേഘനിര വളരെ കുറുതായിട്ടാണു കാണപ്പെടാറു്. ഈയാണ്ടിലെ വാണിജ്യക്കാററുകൾക്കു് എന്തോ തകരാറുണ്ടെന്നും, കിഴക്കൻ ശാന്തസമുദ്രത്തിലെ വെള്ളത്തിനു് ഇതുനിമിത്തം പതിവിലേറെ ചൂടുണ്ടാകുമെന്നും ആണ് ഇതിൽനിന്നുള്ള നിഗമനം. ഈ നിഗമനം ശരിയെങ്കിൽ, ഇന്ത്യയിൽ 1988–ലെ കാലവർഷവും പിഴയ്ക്കാനാണു സാധ്യത.

(1 നവംബർ, 1987)

## 4. ഇങ്ങനെ ജനം പെരുത്താലോ?

മനുഷ്യവർഗത്തെ ഇന്നു നേരിടുന്ന ഏററവും രൂക്ഷമായ പ്രശ്നം അതിവേഗത്തിലുള്ള ജനസംഖ്യാവർദ്ധന ആകുന്നു. വ്യക്തിപരവും രാഷ്ട്രീയവും അന്താരാഷ്ട്രീയവുമായ മിക്ക ക്ലേശങ്ങളുടെയും അടിയിലുള്ള പരമമൗലികമായ പ്രശ്നവും ഇതുതന്നെ. ഭരണതലത്തിലോ, സാങ്കേതികതലത്തിലോ, അനായാസമായോ, ഒററപ്പെട്ടോ പരിഹാരം കാണാൻ കഴിയുകയില്ലെന്നതു് ഈ പ്രശ്നത്തിൻെറ ഗൗരവം വർദ്ധിപ്പിക്കുന്നു. എല്ലാ രാജ്യങ്ങളിലുമുള്ള പ്രായപൂർത്തിവന്ന എല്ലാ ആളുകളും സ്വമേധയാ സഹകരിച്ചാൽ മാത്രമല്ലേ ജനസംഖ്യാവർദ്ധന തടയാനും, ക്രമേണ ലോകജനസംഖ്യ ചുരുക്കിക്കൊണ്ടുവരാനും കഴിയൂ?

ഭൂമിയിൽ മനുഷ്യനെന്ന ജീവി ആവിർഭവിച്ചിട്ട് എത്രയോ ലക്ഷം വർഷങ്ങരം കഴിഞ്ഞുവെങ്കിലും, ജനസംഖ്യാവർദ്ധന ഒരു പ്രശ്നമായിത്തീന്നതു് ഈ അടുത്തകാലത്തു മാത്രമാണു്. ശിലായുഗം അവസാനിച്ച്, മനുഷ്യർ ലോഹങ്ങരംകൊണ്ടു് ആയുധങ്ങരം നിർമിക്കാൻ തുടങ്ങിയപ്പോരം ഭൂമിയിലാകെ ഒന്നര കോടിയോളം (ഇന്നു കേരളത്തിലുള്ളതിൻെറ പകുതിയോളം) ജനങ്ങരം മാത്രമേ ഉണ്ടായിരുന്നുള്ളു എന്നു ശാസ്ത്രജ്ഞർ കണക്കാക്കിയിട്ടുണ്ടു്. പിന്നീടു മുപ്പതിനായിരം വർഷം കഴിഞ്ഞു്, ക്രിസ്തുവർഷാരംഭത്തിൽ, ലോകജനസംഖ്യ ഇരുപത്തഞ്ചു കോടിയോളമായി. (ഇതു് ഇന്ത്യയിലെ ഉത്തരപ്രദേശ് സംസ്ഥാനത്തിൽ ഇപ്പോരം ഉള്ള ജനസംഖ്യയുടെ ഇരട്ടിയിൽ സ്വല്പം കൂടുതലാണു്.) പിന്നെയും 1830 വർഷമെടുത്തു, ലോകജനസംഖ്യ നൂറു കോടിയോളം ഉയരാൻ. (ഇപ്പോരം ചൈന എന്ന ഒരൊററ രാജ്യത്തിലുണ്ടു് നൂററിമൂന്നു കോടിയിലേറെ ജനങ്ങരം.)

ക്രിസ്തുവർഷം 1830 മുതൽ ഇങ്ങോട്ടു ജനസംഖ്യാവർദ്ധനയുടെ ഏറെക്കുറെ കൃത്യമായ കണക്കുകളുണ്ടു്. ഏതാണ്ടു് ഇരുപതു ലക്ഷം വർഷങ്ങരം കൊണ്ടു നൂറുകോടിയിലെത്തിയ ലോകജനസംഖ്യ പിന്നീടു പെട്ടെന്നു പൊട്ടിത്തെറിച്ചു വളരാൻ തുടങ്ങി. നൂറു വർഷം കഴിഞ്ഞു്, ക്രിസ്തുവഷം 1930–ൽ ജനസംഖ്യ ഏതാണ്ടു് ഇരട്ടിയായി (ഇരുനൂറു കോടിയായി) പെരുകി. ഈ ജനസംഖ്യ മുന്നൂറു കോടിയാവാൻ പിന്നീടു മുപ്പത്തിരണ്ടു വർഷങ്ങളേ വേണ്ടിവന്നുള്ളു. അതായതു്, ആദ്യത്തെ ഇരുപതു ലക്ഷം വർഷങ്ങരംകൊണ്ടു മനുഷ്യർക്കുണ്ടായ സംഖ്യാവർധന, 1930 മുതൽ 1962 വരെയുള്ള മുപ്പത്തിരണ്ടു വർഷങ്ങളിൽ സംഭവിച്ചു! 1962–നുശേഷം പതിനഞ്ചു വഷങ്ങരം മാത്രമേ വേണ്ടിവന്നുള്ളു, മനുഷ്യരുടെ എണ്ണത്തിൽ നൂറുകോടി വർധനവുണ്ടാവാൻ. അതായതു്, 1975–ാമാണ്ടിൽ ലോകജനസംഖ്യ നാനൂറു കോടിയായി. പതിനൊന്നു വഷത്തിനുശേഷം, 1986–ാമാണ്ടിൽ, ജീവിച്ചിരിക്കുന്ന മനുഷ്യരുടെ എണ്ണം അഞ്ഞൂറുകോടിയിൽ കവിഞ്ഞു. ഇപ്പോരം ആണ്ടോടാണ്ടു മനുഷ്യസംഖ്യ പത്തു കോടിയിലേറെ വർദ്ധിച്ചുകൊണ്ടിരിക്കുകയാണു്.

ലോക ജനസംഖ്യയുടെ ഈ ഉന്മത്തമായ വർദ്ധനയിൽ ഇന്ത്യയുടെ സംഭാവന എന്താണു്?

ക്രിസ്തുവർഷം 1600–ാമാണ്ടിൽ ഇന്ത്യയിൽ പത്തു കോടിയോളം ജനങ്ങളാണുണ്ടായിരുന്നതു് എന്നു കണക്കാക്കപ്പെട്ടിട്ടുണ്ടു്. അതിനുമുമ്പുള്ള നാലോ, അഞ്ചോ ആയിരം വർഷങ്ങളിൽ, വലിയ ഏററക്കുറച്ചിലുകരം കൂടാതെ ഏറെക്കുറെ സ്ഥിരമായി നിൽക്കുകയായിരുന്നു ഇന്ത്യയിലെ ജനസംഖ്യ എന്നാണു വിശ്വാസം. 1600 മുതൽ 1850 വരെയുള്ള ഇരുനൂററമ്പതു വർഷങ്ങളിൽ (അതായതു്, ഇന്ത്യാചരിത്രത്തിലെ മുഗരം കാലഘട്ടത്തിൽ) ഈ രാജ്യത്തിലെ ജനസംഖ്യ പതിനഞ്ചു കോടിയോളമായി വർദ്ധിച്ചു. ബ്രിട്ടീഷ് ആധിപത്യവും, അതിൻെറ ഒരു ഉപോല്പന്നമായിരുന്ന 'ബ്രിട്ടീഷ് സമാധാന'വും സ്ഥാപിതമാവുകയും, ഗതാഗതം മെച്ചപ്പെടുകയും, ആരോഗ്യസേവന–സൗകര്യങ്ങരം നിലവിൽ വരികയുംചെയ്തതോടെ, 1851–ാമാണ്ടിനുശേഷം, ഇന്ത്യയിലെ ജനസംഖ്യ വളരെവേഗത്തിൽ പെരുകാൻ തുടങ്ങി.

1871–72–ലാണു് ഇന്ത്യയിൽ ആദ്യത്തെ ജനഗണന നടന്നതു്. അതിനുശേഷമുള്ള അമ്പതു വർഷങ്ങളിൽ നമ്മുടെ ജനസംഖ്യയിൽ ആറു കോടിയോളം വർദ്ധനയുണ്ടായി. എന്നാൽ, 1921 മുതൽ 1971 വരെയുള്ള അമ്പതു വർഷങ്ങളിൽ ഇന്ത്യയിലെ ജനസംഖ്യാവർദ്ധന ഇതിൻെറ അഞ്ചിരട്ടിയോളമായിരുന്നു. അതായതു്, ഇരുപത്തൊമ്പതുകോടി അറുപതു ലക്ഷം. ഇന്ത്യൻ ജനസംഖ്യയുടെ ചരിത്രത്തിൽ 1921–ാമാണ്ടു് ഒരു

യുഗസന്ധിയെ കുറിക്കുന്നതായി കരുതപ്പെടുന്നു. വൻതോതിൽ മരണത്തിനു കാരണമായിരുന്ന ക്ഷാമം, പകച്ചവ്യാധികൾ എന്നിവയ്ക്കുമേൽ ബ്രിട്ടീഷ് സർക്കാർ വിജയം നേടാൻ തുടങ്ങിയതു് ആ ആണ്ടുമുതലാണ്. ഇതിൻഫലമായി, 1921—മുതൽ 1951 വരെയുള്ള മുപ്പതാണ്ടുകളിൽ ഇന്ത്യയിലെ ജനസംഖ്യയിൽ പത്തു കോടിയോളം വർദ്ധനയുണ്ടായി.

1951—ലാണ് വിഭജനത്തിനുശേഷം സ്വതന്ത്ര—ഇന്ത്യയിൽ ആദ്യമായി ജനസംഖ്യക്കണക്കെടുത്തതു്. അന്നു് പാകിസ്ഥാനും ബംഗ്ലാദേശും ഒഴികെ, ഇന്ത്യയിലെ മൊത്തം ജനസംഖ്യ മുപ്പത്തഞ്ചുകോടി എഴുപതു ലക്ഷമായിരുന്നു. 1951 മുതൽ 1961 വരെയുള്ള പത്തു വർഷങ്ങളിൽ ഇന്ത്യയിലെ ജനസംഖ്യയിൽ ഏഴുകോടി എഴുപതു ലക്ഷം വർദ്ധനവുണ്ടായി. 1971—ൽ അവസാനിച്ച പത്തു വർഷങ്ങളിൽ ഇന്ത്യൻ ജനസംഖ്യയിലുണ്ടായ വർദ്ധന പത്തു കോടി തൊണ്ണൂറു ലക്ഷമായിരുന്നു. 1971 മുതൽ 1981 വരെ പതിമ്മൂന്നു കോടി അമ്പതുലക്ഷം ജനങ്ങൾ ഇന്ത്യൻ ജനസംഖ്യയിൽ കൂടുതലായി ഉണ്ടായി. 1984—ൽ ഇന്ത്യയിലെ ജനസംഖ്യ എഴുപത്തിനാലുകോടി എൺപതു ലക്ഷമായിരുന്നു. 1951—ൽ ഉണ്ടായിരുന്നതിന്റെ ഇരട്ടിയിലേറെ! ഈയാണ്ടിൽ (1987—ൽ) ഇന്ത്യൻ ജനസംഖ്യ എൺപതു കോടി കടന്നിരിക്കാനാണു സാദ്ധ്യത.

ഈ കണക്കുകളിൽനിന്നു് ഇന്ത്യയിൽ ജനസംഖ്യയുടെ വർദ്ധനത്തോതു് ആണ്ടോടാണ്ടു് ഉയർന്നുകൊണ്ടിരിക്കുകയാണെന്നും, ഏറെക്കുറെ മുപ്പതു വർഷത്തിനകം നിലവിലുള്ള ജനസംഖ്യ ഇരട്ടിച്ചുകൊണ്ടിരിക്കുകയാണെന്നും കാണാം. ഇതു 'പൊട്ടിത്തെറി' അല്ലെങ്കിൽ, പിന്നെ എന്താണു പൊട്ടിത്തെറി?

ഇന്ത്യയിൽ ജനനനിരക്കു മിക്കവാറും സ്ഥിരമായി നിൽക്കുകയാണു്—ആയിരം ജനങ്ങൾക്കു് ആണ്ടിൽ 33.3 ജനനം എന്ന തോതിൽ. അതേസമയത്തു മരണനിരക്കു ഗണ്യമായ തോതിൽ കുറയുന്നുമുണ്ടു്. 1976–78—ൽ ആയിരം ജനങ്ങൾക്കു് 14.5 മരണം എന്നതായിരുന്നു തോതു്. ഇതോടെ ജനങ്ങളുടെ ശരാശരി ആയുഃപ്രതീക്ഷയിലും വർദ്ധനവുണ്ടായിട്ടുണ്ടു്. 1931—ാമാണ്ടിൽ ഇന്ത്യൻ പൗരന്റെ ശരാശരി ആയുഃപ്രതീക്ഷ ഇരുപത്തിമൂന്നു് ആയിരുന്നു. (അതായതു് ശരാശരി ഇന്ത്യൻ പൗരൻ ഇരുപത്തിമൂന്നു വയസ്സുവരെയേ ജീവിച്ചിരുന്നുള്ളു.) 1981—ൽ ഇന്ത്യയിലെ ആയുഃപ്രതീക്ഷ അമ്പത്തിമൂന്നായി വർദ്ധിച്ചു.

1956—ൽ കേരളസംസ്ഥാനം രൂപവൽക്കരിക്കുമ്പോൾ, ഒന്നേകാൽ കോടി കേരളീയരുണ്ടെന്നാണു പറഞ്ഞുവന്നിരുന്നതു്. ഇരുപത്തഞ്ചു വർഷം കഴിഞ്ഞു്, 1981—ലെ ജനഗണനപ്രകാരം കേരളത്തിലെ ജനസംഖ്യ രണ്ടു കോടി അമ്പത്തഞ്ചു ലക്ഷത്തോളമായിരുന്നു. ഇതിനർത്ഥം കാൽനൂററാണ്ടിനകം കേരളത്തിലെ ജനസംഖ്യ ഇരട്ടിച്ചുവെന്നാണു്. ഇപ്പോൾ, 1987—ാമാണ്ടിൽ കേരളത്തിലെ ജനസംഖ്യ മൂന്നു കോടി കടന്നിരിക്കണം. കേരളത്തിലെ ജനസാന്ദ്രത ഒരു ചതുരശ്ര കിലോമീററിനു് 655—ൽ അധികമാണു്. ഇന്ത്യയിൽ ഇത്രയേറെ ജനസാന്ദ്രത മറെറാരു സംസ്ഥാനത്തിലുമില്ല.

ഇന്ത്യയിലെ ജനസംഖ്യയിൽ 82.6 ശതമാനം ഹിന്ദുക്കളാണെന്നു കരുതപ്പെടുന്നു. 11.40 ശതമാനമാണു് മുസ്ലിങ്ങൾ, ക്രിസ്ത്യാനികൾ 2.40 ശതമാനവും. 1921—ൽ ഇന്ത്യൻ ജനസംഖ്യയുടെ 0.5 ശതമാനം മാത്രമായിരുന്നു ക്രിസ്ത്യാനികൾ. സിഖുകാർ ഇന്ത്യൻ ജനസംഖ്യയുടെ 1.9 ശതമാനമാണു്.

ഒരു രാജ്യത്തു് എത്രമാത്രം ജനങ്ങൾ ആവാം? മറെറാരുവിധത്തിൽ പറഞ്ഞാൽ, എന്താണു് അനുകൂലതമ (ഓപ്ററിമം) ജനസംഖ്യ? രാജ്യത്തെ വിഭവങ്ങൾ, ജനങ്ങൾ പ്രതീക്ഷിക്കുന്ന ജീവിതമേന്മ എന്നിവയെ

അടിസ്ഥാനമാക്കി മാത്രമേ ഈ ചോദ്യത്തിന് ഉത്തരം പറയാനാവൂ. ഒരു രാജ്യത്തിലെ എല്ലാ ജനങ്ങൾക്കും ('എല്ലാ' എന്നതിന് അടിവരയിടുക) വേണ്ടത്ര ഭക്ഷണവും വസ്ത്രവും പാർപ്പിടവും വിദ്യാഭ്യാസവും ആരോഗ്യസേവനവും തൊഴിലും പൊതുസേവനങ്ങളും സാംസ്കാരിക പ്രവർത്തനങ്ങളും ലഭ്യമാക്കുന്നതിന് എത്ര ജനങ്ങൾ ഉണ്ടായിരിക്കണമോ, അത്രയും ജനങ്ങളാണ് ആ രാജ്യത്തിലെ അനുകൂലതമ ജനസംഖ്യ.

ലോകത്തിൽ ഇപ്പോൾ ചൈന കഴിഞ്ഞാൽ ഏററവും കൂടുതൽ ജനങ്ങളുള്ള രാജ്യം ഇന്ത്യയാണ്. ആകെയുള്ള ഭൂപ്രദേശത്തിന്റെ 2.4 ശതമാനമാണ് ഇന്ത്യയിലെ ഭൂപ്രദേശം. ഇന്ത്യയിൽ, ആകെയുള്ള ലോക ജനസംഖ്യയുടെ പതിനഞ്ചു ശതമാനം പാർക്കുന്നു. മൊത്തം ലോകവരുമാനത്തിന്റെ രണ്ടു ശതമാനം മാത്രമാണ് ഇന്ത്യയുടെ മൊത്തം വരുമാനം. ഇതിനർത്ഥം, ലോകജനതയുടെ ശരാശരി സാമ്പത്തികനിലവാരത്തിന്റെ ഏഴിലൊന്നിൽ താഴെയാണു ശരാശരി ഇന്ത്യക്കാരന്റെ സാമ്പത്തികനിലവാരം എന്നാകുന്നു. അമേരിക്കൻ ഐക്യരാജ്യങ്ങളുടെ പകുതിയിൽ താഴെ (അഞ്ചിൽ രണ്ടു ഭാഗം) വലിപ്പമേ ഇന്ത്യയ്ക്കുള്ളു; അമേരിക്കൻ ഐക്യരാജ്യങ്ങളിലുള്ളതിൽ മൂന്നിരട്ടിയിലേറെ ജനങ്ങൾ ഇന്ത്യയിലുണ്ട്. മിക്ക സമ്പന്ന രാജ്യങ്ങളിലും തൊണ്ണൂററഞ്ചു ശതമാനത്തിലേറെ ജനങ്ങൾ സാക്ഷരരാണെന്നിരിക്കെ, 1981–ലെ ജനഗണനയനുസരിച്ച് ഇന്ത്യയിൽ നൂറിൽ മുപ്പത്താറു ജനങ്ങൾ മാത്രമേ സാക്ഷരരായുള്ളു. (പുരുഷസാക്ഷരത 47 ശതമാനം; സ്ത്രീ സാക്ഷരത 25 ശതമാനം.) 1981–ൽ ഇന്ത്യയിൽ നാല്പത്തിനാലു കോടിയിലേറെ (അമേരിക്കൻ ഐക്യനാടുകളിലെ ആകെ ജനസംഖ്യയുടെ ഇരട്ടിയിൽ അല്പം താഴെ) നിരക്ഷരർ ഉണ്ടായിരുന്നു. ഇക്കഴിഞ്ഞ ആറു വർഷങ്ങളിൽ ഇന്ത്യയിലെ നിരക്ഷരരുടെ കേവലസംഖ്യ പിന്നെയും പല കോടികൾകൊണ്ടു വർദ്ധിച്ചിരിക്കണം.

ഇന്ത്യയിലെ ജനസംഖ്യ മൂന്നിലൊന്നാക്കി കുറയ്ക്കാൻ സാധിക്കുമോ? സാധിച്ചാൽ, ഇപ്പോൾ ലഭ്യമായ പ്രകൃതിവിഭവങ്ങൾ വെച്ചുകൊണ്ടുതന്നെ, ജനങ്ങളുടെ ജീവിതനിലവാരം മൂന്നിരട്ടിയെങ്കിലും ഉയർത്താൻ കഴിയും. എന്നാൽ, ജനസംഖ്യ കുറയ്ക്കുന്നതിനെപ്പററി ആലോചിക്കുവാൻപോലും നാം ധൈര്യപ്പെട്ടുതുടങ്ങിയിട്ടില്ല. ജനസംഖ്യാവർദ്ധനയുടെ തോതു ക്രമത്തിൽ കുറച്ചു കൊണ്ടുവരാൻ മാത്രമേ നാം ആഗ്രഹിക്കുന്നുള്ളു. മിതമായ ആ ആഗ്രഹംകൂടി അടുത്തൊന്നും നടപ്പിൽവരാൻ പോവുന്നില്ലെന്നതാണു ദയനീയമായ പരമാർത്ഥം.

ഇന്ത്യയ്ക്കു് ഒരു ജനസംഖ്യാനയമുണ്ടായതു് 1952–ൽ മാത്രമാണ്. ജനനനിരക്ക് ആയിരത്തിന് 33.3 ആയിരുന്നതു് ആയിരത്തിന് 20–25 ആയി കുറയ്ക്കുക എന്ന അതിപരിമിതമായ ലക്ഷ്യത്തോടെ, പഞ്ചവത്സരപദ്ധതിയിൽ കുടുംബാസൂത്രണം എന്ന ഇനംകൂടി കൂട്ടിച്ചേർത്തതു് 1952–ലായിരുന്നു. കുടുംബാസൂത്രണപരിപാടിയുടെ വിശദാംശങ്ങളിൽ പല മാററങ്ങളും പിന്നീടു വരുത്തുകയുണ്ടായി. ചില വർഷങ്ങളിൽ ചില പ്രദേശങ്ങളിൽ അതു് ഊർജിതമായി നടപ്പിലാക്കാൻ ശ്രമമുണ്ടായി; മററു ചില വർഷങ്ങളിലും ചില പ്രദേശങ്ങളിലും കുടുംബാസൂത്രണപരിപാടി തീരെ ഉപേക്ഷിക്കപ്പെട്ടതായും തോന്നി. ഏതായാലും ജനനനിരക്ക് ആയിരത്തിന് ഇരുപതായി കുറയ്ക്കുക എന്ന ലക്ഷ്യംപോലും ഈ പരിപാടി ഇനിയും നേടിയിട്ടില്ല. ഇന്നു മിക്ക സംസ്ഥാനങ്ങളിലും കുടുംബാസൂത്രണ പദ്ധതികൾക്ക് ഊർജം നഷ്ടപ്പെട്ടിരിക്കുന്നു. വർദ്ധിച്ചുവരുന്ന ജീവിതയാതനകളിലും സമ്മർദങ്ങളിലും ജനവിഭാഗങ്ങൾ തമ്മിലുള്ള സംഘർഷങ്ങളിലും, കുററങ്ങളിലും അസ്വാസ്ഥ്യതകളിലും,

നാം അനിയന്ത്രിതമായ ജനപ്പെരുപ്പത്തിന്റെ ദുഷ്ഫലങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നു.

ജനസംഖ്യാനിയന്ത്രണത്തിനുള്ള ഏകമാർഗം 'ഏകശിശുകുടുംബം' എന്ന ആദർശം ഉയർത്തിപ്പിടിക്കുകയാണ്. 'നമ്മളൊന്ന്, നമുക്കൊന്ന്'' എന്നുതായിരിക്കണം ഓരോ ദമ്പതിമാരുടെയും മുദ്രാവാക്യം. ഈ ലക്ഷ്യം നേടാനാണ് ചൈന ശ്രമിച്ചുകൊണ്ടിരിക്കുന്നത്. ഇന്ത്യ പോകേണ്ടതും ആ വഴിക്കത്രേ.

ഇതു തൽക്കാലം സാദ്ധ്യമല്ലെങ്കിൽ, ജനസംഖ്യ പൊട്ടിത്തഴച്ചു വളരുന്നതു തടയാനെങ്കിലും നാം ആത്മാർത്ഥമായി ശ്രമിക്കണം. ഓരോ കുടുംബത്തിലും രണ്ടു കുട്ടികൾവീതമേ ഉള്ളൂ എങ്കിൽ രാജ്യത്തിലെ ജനസംഖ്യ വർദ്ധിക്കാതെ സ്ഥിരമായി നിൽക്കും. 'നമ്മൾ രണ്ട്, നമുക്കു രണ്ട്'' എന്നത് ഒരു ആദർശം എന്ന ഇന്നത്തെ നിലവിട്ട്, ഓരോ ദമ്പതിമാരും നിർബന്ധപൂർവം നടപ്പിൽ വരുത്തേണ്ട ഒരു നിയമമായി മാറണം. സ്ത്രീകൾ രണ്ടിൽ കൂടുതൽ പ്രസവിക്കുന്നതു തികച്ചും നിരുത്സാഹപ്പെടുത്തണം. ബഹുസന്താനത കനത്ത ഒരു നാണക്കേടാണെന്നു സമൂഹം കണക്കാക്കിത്തുടങ്ങണം.

ഇന്ത്യയിൽ കുടുംബാസൂത്രണത്തിന്റെ ഭാവി ഭദ്രമല്ല. ജനങ്ങളുടെ ദാരിദ്ര്യവും സ്ത്രീകളുടെ നിരക്ഷരതയും ആകെയുള്ള പിൻനിലയും പാരമ്പര്യപ്രസക്തിയും സന്താനനിയന്ത്രണപ്രവർത്തനങ്ങൾക്ക് അനുകൂലമായ അന്തരീക്ഷമല്ല ഇന്ത്യയിൽ ഉളവാക്കിയിട്ടുള്ളത്. സാധാരണക്കാർക്കിടയിൽ ഗണ്യമായ സ്വാധീനമുള്ള നമ്മുടെ മിക്ക മതനേതാക്കളും സന്താനനിയന്ത്രണത്തിന്റെ കടുത്ത ശത്രുക്കളാണ്. എല്ലാറ്റിനുമുപരി, അത്യന്തദുർബലമായ നമ്മുടെ ജനാധിപത്യസംവിധാനത്തിന്, യാഥാസ്ഥിതികശക്തികളുടെ എതിർപ്പിനെ നേരിട്ട് പുരോഗമനപരമായ കുടുംബാസൂത്രണംപോലെയുള്ള പരിപാടികൾ ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിന് ആഗ്രഹമോ, കഴിവോ വളരെ കുറവാകുന്നു.

ഇതിന്റെയെല്ലാം ഫലമായി, ക്രിസ്തുവർഷം 2011—ാമാണ്ട് ആകുമ്പോഴേക്കു ലോകത്തിലെ ഏറ്റവുമധികം ജനസംഖ്യയുള്ള രാജ്യമെന്ന പദവി ചൈനയിൽനിന്ന് ഇന്ത്യ പിടിച്ചുവാങ്ങാനിടയുണ്ട്. അതോടൊപ്പം മറ്റു പല പദവികളും ഇന്ത്യയ്ക്ക് അനായാസമായി കൈവരും. ഏറ്റവുമധികം നിരക്ഷരർ ഉള്ള രാജ്യം, ഏറ്റവുമധികം അന്ധരും ബധിരരും മൂകരും വികലാംഗരുമുള്ള രാജ്യം, ഏറ്റവുമധികം രോഗികളുള്ള രാജ്യം, ഏറ്റവുമധികം വേശ്യകളുള്ള രാജ്യം, ഏറ്റവും അധികം ദരിദ്രരുള്ള രാജ്യം, ജീവിതനിലവാരം ഏറ്റവുമധികം താഴ്ന്നുനിൽക്കുന്ന രാജ്യം, ഏറ്റവുമധികം കുറ്റങ്ങൾ ഉള്ള രാജ്യം....അങ്ങനെ എന്തെല്ലാമെന്തെല്ലാം 'ഏറ്റവുമധിക'ങ്ങൾ!

(16 ഫെബ്രുവരി, 1987)

# 5. ഭീകരപ്രവർത്തനങ്ങൾ

രണ്ടാം മഹായുദ്ധത്തിനുശേഷം പാശ്ചാത്യ സാമ്രാജ്യശക്തികളുടെ ആധിപത്യത്തിൽനിന്നു മോചനം നേടിയെങ്കിലും, ഏഷ്യയിലെയും ആഫ്രിക്കയിലെയും തെക്കേഅമേരിക്കയിലെയും മിക്ക ദരിദ്രരാജ്യങ്ങളിലും സമാധാനത്തിന്റെയും സുഭിക്ഷത്തിന്റെയും കാലാവസ്ഥ ഇനിയും പുലന്നിട്ടില്ല. വലുതും ചെറുതുമായ മുപ്പത്തഞ്ചു സംഘട്ടനങ്ങൾ ഇതെഴുതു